എൽ.ഐ.സി ഏജന്റ്സ് ഓർഗനൈസേഷൻ തളിപ്പറമ്പ ബ്രാഞ്ച് സമ്മേളനം പി.എൻ. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു

ഇൻഷൂറൻസ് പ്രീമിയത്തിൻമേൽ ചുമത്തിയ ജി.എസ്.ടി. പിൻവലിക്കണമെന്ന്

തളിപ്പറമ്പ: ഇൻഷൂറൻസ് പ്രീമിയത്തിൻമേൽ ചുമത്തിയ ജി.എസ്.ടി പിൻവലിക്കണമെന്നും എൽ.ഐ.സി. ഏജന്റുമാരെ തൊഴിലാളികളായി അംഗീകരിച്ച് പെൻഷൻ, ക്ഷേമനിധി, മെഡിക്ലെയിം എന്നിവ നടപ്പിലാക്കണമെന്നും എൽ. ഐ.സി ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (സി. ഐ.ടി.യു) തളിപ്പറമ്പ ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. സൗത്ത് സോൺ ട്രഷറർ പി.എൻ. സുധാകരൻ ഉദ്ഘാടനം ചെയ്തു. ഏജന്റുമാരുടെ മക്കളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ ബ്രാഞ്ച് മാനേജർ എം.വി. ശ്രീജിത്തും എൽ.ഐ.സി ബിസിനസിൽ ഉന്നത നേട്ടം കൈവരിച്ചവരെ സംസ്ഥാന ജനറൽ സെക്രട്ടറി എം.കെ. മോഹനനും അനുമോദിച്ചു. വസന്താ രാഘവൻ, എൻ. അജിത്കുമാർ, പി.ജെ. ജേക്കബ്, ടി.എൻ. ശോഭന സംസാരിച്ചു. സി.ഐ.ടി.യു ഏരിയാ സെക്രട്ടറി കെ. കരുണാകരൻ അഭിവാദ്യം ചെയ്തു.

ഭാരവാഹികളായി കെ.സി. അനിൽകുമാർ (പ്രസിഡണ്ട്), കെ.എസ്. വിനോദ്, എം.വി. സിനി, വി. ഭാസ്കരൻ (വൈസ് പ്രസിഡണ്ട്), പി.വി. മധുസൂദനൻ (സെക്രട്ടറി), ടി. മനോജ്, ഇന്ദിര ഹരിദാസ്, കെ. ശ്രീരത്ന (ജോയിന്റ് സെക്രട്ടറി), കെ. അനിൽകുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. കെ.സി. അനിൽകുമാർ സ്വാഗതവും കെ. അനിൽകുമാർ അധ്യക്ഷതയും ഇന്ദിര ഹരിദാസ് നന്ദിയും പറഞ്ഞു.

കീഴാറ്റൂർ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം കളിയാട്ടത്തിൽ കെട്ടിയാടിയ മുച്ചിലോട്ട് ഭഗവതി

നടുവിൽ മേഖലയിൽ സമാധാനം പുനസ്ഥാപിക്കണം: സി.പി.എം

കണ്ണൂർ: നടുവിൽ മേഖലയിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കണമെന്ന് സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് അഭ്യർത്ഥിച്ചു. സമാധാന ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകണമെന്നും നടുവിൽ ടൗണിൽ മുസ്ലിം ലീഗിൽ നിന്നും മുസാൻകുട്ടി നടുവിലിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തകർ രാജിവെച്ച് സി.പി.എമ്മിൽ ചേർന്നതിനെ തുടർന്ന് ലീഗ് നിരന്തരം സംഘർഷം സൃഷ്ടിക്കുകയാണ്. സി.പി.എം മുസ്ലിം വിരുദ്ധരാണെന്ന് പ്രചരിപ്പിക്കാനുള്ള ആസൂത്രിത ശ്രമമാണ് ലീഗ് നടത്തികൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ കുറച്ച് നാളുകളായി ഈ മേഖലയിൽ നടന്ന അക്രമസംഭവങ്ങൾ.

മുസ്ലിംലീഗുകാർ രാഷ്ട്രീയമായ സങ്കുചിത താൽപര്യങ്ങൾ സംരക്ഷിക്കാൻ പള്ളികളെ ഉപയോഗിക്കുന്നത് തുടർന്നാൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാവും. മതസ്ഥാപനങ്ങൾ ദുരുപയോഗം തടയൽ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഇത്തരക്കാർക്കെതിരെ കേസെടുക്കണമെന്നും സി.പി.എം ആവശ്യപ്പെട്ടു. സംഘർഷമുണ്ടായ നടുവിൽ ടൗൺ സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ, ജയിംസ് മാത്യു എം.എൽ.എ, ജില്ലാ സെക്രട്ടേറിയറ്റംഗം എം.പ്രകാശൻ മാസ്റ്റർ, ജില്ലാ കമ്മിറ്റിയംഗം എം.കരുണാകരൻ, ആലക്കോട് ഏരിയ സെക്രട്ടറി എം.ബാബുരാജ്, ജില്ലാ കമ്മിറ്റിയംഗവും ന്യൂനപക്ഷ സാംസ്കാരിക സംഘടനകളുടെ കോർഡിനേഷൻ കമ്മിറ്റി കൺവീനറുമായ എം. ഷാജർ, ചെയർമാൻ ഒ.വി.ജാഫർ തുടങ്ങിയവർ സന്ദർശിച്ചു.

സംഘർഷം നടന്ന നടുവിലിൽ പി. ജയരാജനും സംഘവും സന്ദർശിക്കുന്നു.

ആലക്കോട് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് യൂണിറ്റ് എം. വസന്ത ഉദ്ഘാടനം ചെയ്യുന്നു.

പുതിയ തലമുറയിൽ വായന കുറയുന്നു: പി.പി. ദിവ്യ

കണ്ണൂർ: ഒരു നല്ല വായനക്കാരന് മാത്രമേ മികച്ച പ്രാസംഗികൻ ആകാൻ സാധിക്കുവെന്ന് ജില്ലാ പഞ്ചായത്ത് ഉപാധ്യക്ഷ പി.പി. ദിവ്യ. ജെ.സി.ഐ ദേശീയ പരിശീലകനും എൽ.ഐ.സി ഡവലപ്മെന്റ് ഓഫീസറുമായ എം.കെ. ദീപക് എഴുതിയ പ്രസംഗം എന്ന വജ്രായുധം എന്ന പുസ്തകം കണ്ണൂർ ഗുരുഭവനിൽ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു ദിവ്യ. ജെ.സി.ഐ കണ്ണൂർ ഹാൻലൂം സിറ്റിയും കണ്ണൂരിലെ ജി-നെക്സ്റ്റ് ട്രെയിനിംഗ് അക്കാദമിയും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. താനുൾപ്പെടെയുള്ളവരിൽ വായന കുറയുന്നുണ്ട്. നല്ല വായനയുണ്ടായാൽ മാത്രമേ മികച്ച പ്രാസംഗികനാവാൻ കഴിയൂ. നന്നായി വായിക്കാതെയും റഫർ ചെയ്യാതെയും ഒന്നും പറഞ്ഞു പ്രതിഫലിപ്പിക്കാൻ ഇക്കാലത്ത് പറ്റില്ലെന്നും പി.പി. ദിവ്യ പറഞ്ഞു. പോസിറ്റീവ് കമ്യൂൺ ചെയർമാൻ കെ.പി. രവീന്ദ്രൻ പുസ്തകം ഏറ്റുവാങ്ങി. വൽസൻ അഞ്ചാംപീടിക അധ്യക്ഷനായി. ജെ.സി.ഐ അന്തർദേശീയ പരിശീലകൻ കെ. പ്രമോദ്കുമാർ മുഖ്യപ്രഭാഷണം നടത്തി. സതീശൻ മോറായി, ദിലീപ് ടി. ജോസഫ്, മാധ്യമ പ്രവർത്തകൻ പ്രദീപൻ തൈക്കണ്ടി, എം.എസ്. ആനന്ദ്, ടി. രജിത്, എം.ടി. മനോജ്, ഡോ. കെ.വി. ശശിധരൻ, നാദിറ ജാഫർ, എം.പി. രാധാകൃഷ്ണൻ, റോയ് അഗസ്റ്റിൻ സംസാരിച്ചു. എം.കെ. ദീപക് പ്രസംഗം നടത്തി.

ഓഖി ദുരന്തത്തിൽ മരിച്ചവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് സി.പി.ഐ പ്രവർത്തകർ ആലക്കോട് മൗനജാഥ നടത്തുന്നു

ചോത്തേപ്പറമ്പ് ചോന്നമ്മ ക്ഷേത്രത്തിൽ നവാഹയജ്ഞം

ശ്രീകണ്ഠപുരം: പെരുന്തിലേരി പെരുമ്പാറക്കടവ് ചോത്തേപറമ്പ് ചോന്നമ്മ ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനത്തോടും കളിയാട്ടത്തോടും അനുബന്ധിച്ച് നടക്കുന്ന ഭാഗവത നവാഹയജ്ഞം 12ന് തുടങ്ങും. വൈകീട്ട് നാല് മണിക്ക് കലവറ നിറക്കൽ ഘോഷയാത്ര, യജ്ഞാചാര്യനെ സ്വീകരിക്കൽ, ഭാഗവത മഹാത്മ്യ പാരായണം, പ്രഭാഷണം എന്നിവ നടക്കും. ദിവസവും രാവിലെ 6.30 മുതൽ വൈകീട്ട് 6.30 വരെ ഭാഗവത പാരായണം, 14ന് തായ്പരദേവത, ചുകന്നമ്മ എന്നീ തെയ്യങ്ങളുടെ തോറ്റം, 15ന് കരിയത്താർ ദൈവം, പലിയൂർ കണ്ണൻ ദൈവം എന്നിവയുടെ വെള്ളാട്ടം, 16ന് കാരൻദൈവം, ധർമ്മദൈവം, തെക്കേയൻ കരിയാത്തൻ ദൈവം, കൈക്കോളൻ, പുലിയൂർ കണ്ണൻ, ചുകന്നമ്മ, തായ്പരദേവത എന്നിവയും നടക്കും.

അഷ്ടമംഗല്യ സ്വർണ്ണ പ്രശ്നം നടത്തി

ശ്രീകണ്ഠപുരം: കാവുമ്പായി മഹാവിഷ്ണു ക്ഷേത്രത്തിൽ പുനരുദ്ധാരണത്തിന് മുന്നോടിയായി മൂന്ന് ദിവസത്തെ അഷ്ടമംഗല്യ സ്വർണ്ണ പ്രശ്നം നടത്തി. ബ്ലാത്തൂർ പത്മനാഭൻ ജ്യോത്സ്യർ മുഖ്യ കാർമ്മികത്വം വഹിച്ചു. ചെറുകുന്ന് ദിനേശൻ ജ്യോത്സ്യർ, കൂട്ടുമുഖം പ്രകാശൻ ജ്യോത്സ്യർ എന്നിവർ സഹകാർമ്മികരായി.

ഗണപതിഹോമം, ഭഗവതി സേവ, കളഭച്ചാർത്ത്, ചുറ്റുവിളക്ക് എന്നിവയുണ്ടായി. മാതൃസമിതിയുടെ നേതൃത്വത്തിൽ തൃക്കാർത്തിക ആഘോഷിച്ചു. ഉപദേവതയായ മുണ്ടോടനൂർ ഭഗവതിയുടെ നടയിൽ ദീപ സമർപ്പണവും നടന്നു. മേൽശാന്തി വട്ടക്കുന്നില്ലത്ത് വിഷ്ണു നമ്പൂതിരി പൂജകൾക്ക് നേതൃത്വം നൽകി.

ബോധവൽക്കരണ സദസ് നടത്തി

ശ്രീകണ്ഠപുരം: പയ്യാവൂർ പഞ്ചായത്തിനെ ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി പയ്യാവൂർ ഹയാത്തുൽ ഇസ്ലാം മദ്രസയിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണ സദസ് നടത്തി. മഹല്ല് ഖത്തീബ് സുബൈർ ദാരിമി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി.പി. അഷ്റഫ് അധ്യക്ഷത വഹിച്ചു. മഹല്ല് പ്രസിഡണ്ട് യു.പി. അബൂബക്കർ, വി.പി. അബ്ദുൾഖാദർ, കെ.സി. അബ്ദുള്ള സംസാരിച്ചു. കില ഫാക്കൽറ്റി, കെ.പി. ഹംസക്കുട്ടി, ചെങ്ങളായി പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടർ പി. രാധാകൃഷ്ണൻ എന്നിവർ ക്ലാസെടുത്തു.

സി.പി.ഐ ചപ്പാരപ്പടവ് ലോക്കൽ സമ്മേളനം

ചപ്പാരപ്പടവ്: സി.പി.ഐ ചപ്പാരപ്പടവ് ലോക്കൽ സമ്മേളനം 9, 10 തീയതികളിൽ ചപ്പാരപ്പടവ് പള്ളിപ്രം ബാലൻ നഗറിൽ നടക്കും. 9ന് വൈകീട്ട് 4 മണിക്ക് പ്രകടനവും. തുടർന്ന് പൊതുസമ്മേളനം സി.ര വീന്ദ്രൻ ഉദ്ഘാടനം ചെയ്യും. 10ന് രാവിലെ 10 മണിക്ക് പ്രതിനിധി സമ്മേളനം സി.പി.ഐ ജില്ലാ സെക്രട്ടറി പി.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്യും.

സി.പി.ഐ പാപ്പിനിശേരി ലോക്കൽ സമ്മേളനം സമാപിച്ചു

പാപ്പിനിശേരി: സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ അടിയന്തരമായി കിടത്തി ചികിത്സ സൗകര്യം പുനഃസ്ഥാപിക്കണമെന്ന് സി.പി.ഐ പാപ്പിനിശേരി ലോക്കൽ സമ്മേളനം ആവശ്യപ്പെട്ടു. സമാപന സമ്മേളനം സി.പി.ഐ കോഴിക്കോട് ജില്ലാ കൗൺസിലംഗം രജീന്ദ്രൻ കപ്പള്ളി ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി ടി.വി. ഗംഗാധരൻ സ്വാഗതം പറഞ്ഞു. പി.പി.ദാമോദരൻ അധ്യക്ഷത വഹിച്ചു. മണ്ഡലം സെക്രട്ടറി പി.നാരായണൻ പ്രസംഗിച്ചു. സമ്മേളനത്തിന് മുമ്പായി നടത്തിയ പ്രകടനത്തിന് കെ.വി.സാഗർ, പി.വിനോദ്, കെ.വി.പവിത്രൻ, കെ.വി.നളിനി നേതൃത്വം നൽകി. സംസ്ഥാന സ്കൂൾ കായിക മേളയിൽ വെയിറ്റ് ലിഫ്റ്റിങ്ങിൽ മൂന്നാം സ്ഥാനം നേടിയ പി.സായന്തിനെ സമ്മേളനത്തിൽ അനുമോദിച്ചു.

നോർക്ക പരിശീലനം ആരംഭിച്ചു

കണ്ണൂർ: നോർക്ക നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതി പ്രകാരമുള്ള പരിശീലന പരിപാടി നാളെ അവസാനിക്കും. കണ്ണൂർ താവക്കരയിലെ യാത്രിനിവാസിലാണ് ക്ലാസ് നടക്കുക.

ആലക്കോട് സ്കൗട്ട്സ് യൂണിറ്റ് ഉദ്ഘാടനം

ആലക്കോട്: ആലക്കോട് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് യൂണിറ്റ് സ്റ്റേജ് ട്രെയിനിംഗ് കമ്മീഷണർ എം. വസന്ത ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് എം.പി. മുരളിദാസ് അധ്യക്ഷത വഹിച്ചു. സ്കൗട്ട് മാസ്റ്റർ കെ.വി. ദീപേഷ്, പ്രേമരാജൻ, എംബി. ഓമന, ഗിരീഷ്കുമാർ, കെ. കൃഷ്ണകുമാർ പ്രസംഗിച്ചു. പ്രിൻസിപ്പാൾ ബി. കൃഷ്ണകുമാർ സ്വാഗതവും ഗൈഡ് ക്യാപ്റ്റൻ ജ്യോതിരാജ് നന്ദിയും പറഞ്ഞു.

ഓഖി ദുരന്തം; മൗനജാഥ നടത്തി

ആലക്കോട്: ഓഖി ചുഴലിക്കൊടുങ്കാറ്റ് ദുരന്തത്തിൽ മരണപ്പെട്ടവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് സി.പി.ഐ ആഭിമുഖ്യത്തിൽ ആലക്കോട് മൗനജാഥ നടത്തി. സി.പി.സോമൻ, കെ.സുജി, ഷൈൻ ജേക്കബ്, തോമസ് മണ്ണാർ, ടി.കെ.പങ്കജാക്ഷൻ, കെ. ആർ. ബാലകൃഷ്ണൻ നേതൃത്വം നൽകി.

'ഞാൻ അറിഞ്ഞ പ്രവാചകൻ' സംഗമം നാളെ

തളിപ്പറമ്പ: സോളിഡാരിറ്റിയുടെ ആഭിമുഖ്യത്തിൽ 'ഞാൻ അറിഞ്ഞ പ്രവാചകൻ' സുഹൃദ് സംഗമം നാളെ വൈകീട്ട് നാല് മണിക്ക് തളിപ്പറമ്പ ഇഹ്സാൻ സെന്ററിൽ നടക്കും.

ഉത്തരവേപ്പർ കളഞ്ഞുകിട്ടിയെന്നാരോപിച്ച് കെ.എസ്.യു പ്രവർത്തകർ കണ്ണൂർ സർവ്വകലാശാലയിൽ നടത്തിയ ഉപരോധം

ജില്ലാ ക്ഷീരസംഗമത്തോടനുബന്ധിച്ച് നടന്ന കന്നുകാലി പ്രദർശനം വീക്ഷിക്കുന്ന സ്കൂൾ കുട്ടികൾ

ജില്ലാതല കന്നുകാലി പ്രദർശനം: നന്ദിനിക്ക് റാണിപട്ടം

കണ്ണൂർ: ജില്ലാതല ക്ഷീരസംഗമത്തോടനുബന്ധിച്ച് മുണ്ടേരിയിൽ നടത്തിയ ജില്ലാതല കന്നുകാലി പ്രദർശന മത്സരത്തിൽ അഞ്ചരക്കണ്ടി ക്ഷീരസംഘത്തിലെ ഫോൺസ്റ്റൻ ഫ്രീഷ്യൻ ഇനത്തിലെ നന്ദിനി റാണിയായി തെരഞ്ഞടുക്കപ്പെട്ടു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുന്നൂറോളം കന്നുകാലികൾ മത്സരത്തിൽ അണിനിരന്നു. കന്നുകാലി പ്രദർശനം മുണ്ടേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.കെ.പ്രമീള ഉദ്ഘാടനം നിർവഹിച്ചു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. പി.പി.മുനീറ, എ. രീഷ, ഡോ.ദീപ ജയപാൽ, പി.കെ.ബാലകൃഷ്ണൻ, എം.വി.രജീഷ്കുമാർ, എ.സുരേഷ്, കെ.വി.രാമചന്ദ്രൻ, വി.കെ.അനീഷ് സംസാരിച്ചു. കന്നുകാലി പ്രദർശന മത്സരത്തോടനുബന്ധിച്ച് ഗവ്യജാലകം തത്സമയ ചോദ്യോത്തര പരിപാടിക്ക് ഇരിട്ടി ക്ഷീര വികസന ഓഫീസർ എം.വി.ജയൻ നേതൃത്വം നൽകി. കെ.മനോഹരൻ സ്വാഗതവും പി.പി.രഞ്ജൻ നന്ദിയും രേഖപ്പെടുത്തി.

ബക്കളം നാടകോത്സവം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്യുന്നു.

നടുവിൽ സംഘർഷം മുഖ്യമന്ത്രി ഇടപെടണം: കെ.സി.ജോസഫ്

ശ്രീകണ്ഠപുരം: സമാധാനാന്തരീക്ഷം നിലനിൽക്കുന്ന മലയോര മേഖലയിലും സംഘർഷവും അക്രമണവും വ്യാപിപ്പിക്കുവാൻ സി.പി.എം നടത്തുന്ന ശ്രമങ്ങൾ അവസാനിപ്പിക്കുവാൻ ആഭ്യന്തര വകുപ്പ് കയ്യാളുന്ന മുഖ്യമന്ത്രി അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് കെ.സി. ജോസഫ് എം.എൽ.എ ആവശ്യപ്പെട്ടു. നടുവിൽ മേഖലയിലെ അക്രമങ്ങളിൽ പോലീസ് സ്വീകരിക്കുന്ന ഏകപക്ഷീയമായ നിലപാട് അക്രമികളായ സി.പി.എം പ്രവർത്തകർക്ക് അഴിഞ്ഞാടാൻ അവസരം ഉണ്ടാക്കുകയാണ്. ലീഗ് പ്രവർത്തകരെ തെരഞ്ഞുപിടിച്ച് അറസ്റ്റ് ചെയ്യാൻ ആവേശം കാണിക്കുന്ന പോലീസ് സി.പി.എം അക്രമങ്ങളുടെ നേരെ കണ്ണടക്കുകയാണ്. ലീഗ് പ്രവർത്തകരുടെ പേരിൽ ജാമ്യം ലഭിക്കാത്ത വകുപ്പുകളിൽ കേസെടുക്കുമ്പോൾ സി.പി.എം പ്രവർത്തകരുടെ പേരിൽ ലഘുവായ കുറ്റം ചുമത്തിയാണ് കേസെടുക്കുന്നത്. പോലീസ് ഈ സമീപനം അവസാനിപ്പിക്കാൻ തയ്യാറാകണമെന്നും കെ.സി.ജോസഫ് ആവശ്യപ്പെട്ടു.

തിരുവപ്പന മഹോത്സവം ഇന്ന് തുടങ്ങും

ചുഴലി: ചുഴലി മടപ്പുര തിരുവപ്പന മഹോത്സവം ഇന്നും നാളെയുമായി നടക്കും.

ദേവി ഭാഗവത നവാഹയജ്ഞം നാളെ ആരംഭിക്കും

നടുവിൽ: അയ്യപ്പ-വനദുർഗ്ഗാ ക്ഷേത്രത്തിലെ ഈ വർഷത്തെ ദേവി ഭാഗവത നവാഹയജ്ഞം നാളെ മുതൽ 17 വരെ നടക്കും. നാളെ വൈകുന്നേരം നാല് മണിക്ക് കലവറനിറക്കൽ ഘോഷയാത്ര. 10ന് വൈകുന്നേരം 4 മണിക്ക് കുമാരി പൂജ. 17ന് ഗായത്രി സഹസ്രനാമം, കേനോപനിഷത്സാരം, ഗൗതമശാപം, ചിന്താമണി ഗൃഹം, ജനമേജയ ദേവീമുഖം ചടങ്ങുകളോടെ നവാഹയജ്ഞം അവസാനിക്കും. എല്ലാ ദിവസവും നിവേദ്യ വഴിപാട് ഉണ്ടായിരിക്കും.

എസ്.വൈ.എസ് കാഞ്ഞിരങ്ങാട് യൂനിറ്റ് സമ്മേളനത്തിൽ മുഹമ്മദ്കുഞ്ഞി അമാനി പടപ്പേങ്ങാട് സംസാരിക്കുന്നു.

സ്ഥലം വിൽപനക്ക്

കുറ്റേരി - പനങ്ങാട്ടൂർ റോഡിൽ പഴയ ഛരിയൂർ അംഗൻവാടിക്ക് പിറകുവശം 7 വർഷം പ്രായവും (റബർ മരം) ടാപ്പിംഗിന് അനുയോജ്യമായതുമായ 55 സെന്റ് സ്ഥലം വിൽപനക്ക്. ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല.

Contact No:
9400427341

നഷ്ടപ്പെട്ടു

നടുവിൽ സർവീസ് സഹകരണ ബാങ്കിന്റെ കരുവഞ്ചാൽ ഈവനിംഗ് ബ്രാഞ്ചിൽ എന്റെ പേരിലുള്ള എഫ്.ഡി സർട്ടിഫിക്കറ്റ് (നമ്പർ - 63834) നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ തിരിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു. തിരിച്ചുകിട്ടാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

എന്ന്,
ഡയനക്ടർ,
സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ,
കരുവഞ്ചാൽ

തടിക്കടവ് വില്ലേജ് വനിത സഹകരണ സംഘം
Ltd No.C 1551
തടിക്കടവ് (പി.ഒ), ചാണോക്കുണ്ട്, ഫോൺ: 04602 247250

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യരെ,
തടിക്കടവ് വില്ലേജ് വനിത സഹകരണ സംഘത്തിന്റെ 2016-17 വർഷത്തെ 'എ' ക്ലാസ് മെമ്പർമാരുടെ വാർഷിക പൊതുയോഗം 22-12-2017 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചാണോക്കുണ്ട് എസ്.എൻ.ഡി.പി ഹാളിൽ വച്ച് ചേരുന്നതാണ്. യോഗത്തിൽ മുഴുവൻ 'എ' ക്ലാസ് മെമ്പർമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
തടിക്കടവ്, എന്ന്, ഭരണസമിതിക്കുവേണ്ടി
06-12-2017. സെക്രട്ടറി (ഒപ്പ്)
കാര്യപരിപാടി:
1. സ്വാഗതം, 2. അദ്ധ്യക്ഷ പ്രസംഗം, 3. 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 4. 2016-17 വർഷത്തെ വരവ്-ചെലവ് കണക്ക്, 5. 2017-18 വർഷത്തെ കരട് ബജറ്റ്, 6. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കലും ന്യൂനത പരിഹരണവും, 7. ചോദ്യങ്ങളും പ്രമേയങ്ങളും, 8. പ്രസിഡണ്ട് അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ 9. നന്ദി.
കുറിപ്പ്: 1. ചോദ്യങ്ങളും പ്രമേയങ്ങളും 19-12-2017ന് വൈകുന്നേരം 4 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

തളിപ്പറമ്പ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫേർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ സി 1817
സീലാന്റ് കോംപ്ലക്സ്, തളിപ്പറമ്പ പി.ഒ

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യരെ,
തളിപ്പറമ്പ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫേർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ എ ക്ലാസ് മെമ്പർമാരുടെ വാർഷികപൊതുയോഗം 2017 ഡിസംബർ 23-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് സംഘം ഓഫീസിൽ വച്ച് താഴെ ചേർത്ത പരിപാടി അനുസരിച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
തളിപ്പറമ്പ, കൽപനപ്രകാരം
06-12-2017. സെക്രട്ടറി (ഒപ്പ്)
കാര്യപരിപാടി:
1. സ്വാഗതം, 2. അദ്ധ്യക്ഷ പ്രസംഗം, 3. അനുശോചനം, 4. 2017 ഒക്ടോബർ 30 വരെയുള്ള പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കൽ, 5. 2011-12 മുതൽ 2016-17 വരെയുള്ള വരവ്-ചെലവ് കണക്ക് അംഗീകരിക്കൽ, 6. 2011-12 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, 7. 2018-19 വർഷത്തെ കരട് ബഡ്ജറ്റ് അംഗീകരിക്കൽ, 8. ബൈലോ ഭേദഗതികൾ, 9. ചോദ്യങ്ങളും പ്രമേയങ്ങളും, 10. നന്ദി പ്രകടനം.
ബൈലോ ഭേദഗതികൾ: ബൈലോ 8 എ (3) നിക്ഷേപകർക്ക് സി ക്ലാസ് അംഗത്വം നൽകൽ, ബൈലോ 23 (16): പ്രതിമാസ നിക്ഷേപ പദ്ധതി, കൂട്ടിച്ചേർക്കൽ ബൈലോ 25 (15): കച്ചവട വായ്പാപരിധി വർദ്ധിപ്പിക്കൽ
കുറിപ്പ്: അജണ്ടയിലെ വിശദാംശങ്ങൾ അടങ്ങിയ പകർപ്പ് സംഘം ഓഫീസിലും തളിപ്പറമ്പ സഹകരണ അസി.രജിസ്ട്രാർ ഓഫീസ് (ജനറൽ), അസി.രജിസ്ട്രാർ (ഓഡിറ്റ്), കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ തളിപ്പറമ്പ് ശാഖ, തളിപ്പറമ്പ മുനിസിപ്പൽ ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തുന്നതാണ്.
ചോദ്യങ്ങളും പ്രമേയങ്ങളും 20-12-2017ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.